# കേരള സർവകലാശാല

നം. പി.ആർ.124/2016 ഫോൺ : 2305738

## പത്രക്കുറിപ്പ്

### ബി.കോം ഫലം

കേരള സർവകലാശാല ഏപ്രിലിൽ നടത്തിയ ആറാം സെമസ്റ്റർ കരിയർ റിലേറ്റഡ് ബി.കോം കൊമേഴ്സ് വിത്ത് കമ്പ്യൂട്ടർ ആപ്ലിക്കേഷൻ (138-2 (ബി), കൊമേഴ്സ് ആൻഡ് ടാക്സ് പ്രൊസീജിയർ ആൻഡ് പ്രാക്ടീസ് (337 - 2(എ), കൊമേഴ്സ് ആൻഡ് ടൂറിസം ആൻഡ് ട്രാവൽ മാനേജ്മെന്റ് (338 - 2 (എ) - റഗുലർ 2013 സ്കീം & സപ്ലിമെന്ററി 2013-ന് മുമ്പുള്ള), കൊമേഴ്സ് ആൻഡ് ഹോട്ടൽ മാനേജ്മെന്റ് ആൻഡ് കാറ്ററിംഗ് (339 - 2 (എ) - റഗുലർ 2013 സ്കീം) പരീക്ഷകളുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### എം.ഫിൽ പരീക്ഷ

കേരള സർവകലാശാലയുടെ വിവിധ പഠനവകുപ്പുകൾ, തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ് എന്നിവിടങ്ങളിൽ 2015-16 ബാച്ചിലെ രണ്ടാം സെമസ്റ്റർ എം.ഫിൽ പരീക്ഷയ്ക്ക് പിഴകൂടതെ ആഗസ്റ്റ് എട്ട് (50 രൂപ പിഴയോടെ ആഗസ്റ്റ് 10, 250 രൂപ പിഴയോടെ ആഗസ്റ്റ് 12) വരെ അപേക്ഷിക്കാം.

### ഗ്രേസ് മാർക്ക്

സംസ്ഥാനത്തെ പ്രതിനിധീകരിച്ച് 35-ാമത് ദേശീയ ഗെയിംസിൽ (2015) പങ്കെടുത്ത വിദ്യാർത്ഥികൾക്ക് മൂന്ന് ശതമാനം ഗ്രേസ് മാർക്ക് നൽകാനുള്ള ഗവൺമെന്റ് ഉത്തരവ് നടപ്പിലാക്കിക്കൊണ്ടുള്ള സർവകലാശാല ഉത്തരവ് വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### ദ്വിദിന ശിൽപശാല

കേരള സർവകലാശാല ഗവേഷണ വിദ്യാർത്ഥി യൂണിയൻ ഗവേഷണ രീതിശാസ്ത്രത്തിൽ ദ്വിദിന ശിൽപശാല ജൂലൈ 18, 19 തീയതികളിൽ കാര്യവട്ടം കാമ്പസിൽ നടത്തും. താൽപര്യമുള്ളവർ ജൂലൈ 16-നകം researchstudentsunionku@gmail.com എന്ന ഇ-മെയിലിൽ രജിസ്റ്റർ ചെയ്യണം. ഫോൺ. 9747297666, 9947503071, 9995402973, 9809909056.

### ബി.എ എൽ.എൽ.ബി വൈവ

കേരള സർവകലാശാല പത്താം സെമസ്റ്റർ ഇന്റഗ്രേറ്റഡ് ബി.എ എൽ.എൽ.ബി (ജൂലൈ 2016) പരീക്ഷയുടെ വൈവ ജൂലൈ 18, 19 തീയതികളിൽ കേരള ലോ അക്കാഡമിയിലും ജൂലൈ 25, 26 തീയതികളിൽ ഗവ. ലോ കോളേജിലും രാവിലെ 9.30 മുതൽ വൈകുന്നേരം നാല് മണിവരെ നടത്തും.

സർവകലാശാല മന്ദിരം,
തിരുവനന്തപുരം.
13.07.2016

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098